വില്ലേജ് ഓഫീസുകളുടെ നവീകരണം

124 (5330) ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ പൂർണ്ണമായും നവീകരിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഈ വർഷം എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സംസ്ഥാനത്ത് പലയിടത്തും പൈതൃകമായ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന വില്ലേജ് ഓഫീസ് മന്ദിരങ്ങൾ സംരക്ഷിക്കുന്നതിനും ഇവയെ പൈതൃക കെട്ടിടങ്ങളായി നിലനിർത്തുന്നതിനും പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) ഇതനുസരിച്ച് ഈ വർഷം ഏതൊക്കെ വില്ലേജ് ഓഫീസ് മന്ദിരങ്ങൾ നവീകരിക്കാനും സംരക്ഷിക്കുവാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2009-2010 സാമ്പത്തിക വർഷം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി 5 കോടി രൂപ ലഭിച്ചിരുന്നു. ടി തുകയ്ക്ക് 420 വില്ലേജ് ഓഫീസുകളിൽ ചോർച്ച തടയുന്നതിനും, 181 വില്ലേജ് ഓഫീസുകളിൽ ടോയ്ലെറ്റ് നിർമ്മാണത്തിനും, 81 വില്ലേജ് ഓഫീസുകൾ വൈദ്യുതീകരിക്കുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പുതുതായി കെട്ടിടം ആവശ്യമുള്ള വില്ലേജുകളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(സി) പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനും വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനുമായി 2010-11 ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പൈതൃക മന്ദിരങ്ങളായി സംരക്ഷിക്കേണ്ട വില്ലേജുകളുടെ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly